"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/97/2020-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 02/06/2021

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം - 'അംബേദ്കർ ഗ്രാമം' പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ 14.02.2020-ലെ കുറിപ്പ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 19.06.2020-ലെ ജെ1-7542/2020 -ാം നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.10.2020-ലെ ഡിബി7/7056/20/സിഇ/തസ്വഭവ-ാം നമ്പർ റിപ്പോർട്ട്.

***********************

പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഗതാഗതം, കുടിവെള്ളം, വൈദ്യുതി വിതരണം, ഭവന പുനരുദ്ധാരണം, വിദ്യാഭ്യാസ - തൊഴിൽ മേഖലകളിലെ അടിസ്ഥാന വികസനം) സൃഷ്ടിക്കുന്നതിന് നടപ്പിലാക്കി വരുന്ന 'അംബേദ്കർ ഗ്രാമം' പദ്ധതി, നിലവിൽ നിർമ്മിതി കേന്ദ്രങ്ങൾ / അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് നിർവ്വഹണം നടത്തപ്പെടുന്നത്. തദ്ദേശ സ്ഥാപനങ്ങൾ മുഖേനയും ഇവ നടപ്പാക്കാൻ വ്യവസ്ഥയുണ്ടെങ്കിലും നിലവിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പ്രവർത്തികൾ ഏറ്റെടുക്കാൻ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സാങ്കേതിക തടസ്സങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നുണ്ട്.

സാമ്പത്തിക വർഷാരംഭത്തിന് മുമ്പേ തന്നെ അംബേദ്കർ ഗ്രാമങ്ങളായി പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുത്ത് അടങ്കൽ തുക സഹിതം അതത് തദ്ദേശസ്ഥാപനങ്ങളെ അറിയിക്കുന്ന പക്ഷം ആയത് തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപെടുത്താനും തുടർന്ന് അടങ്കൽ തുക അലോട്മെൻറ് ആയി അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്ന പക്ഷം നിർവ്വഹണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്താനും സാധിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള 'അംബേദ്കർ ഗ്രാമം' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് അതത് പ്രാദേശിക സർക്കാരുകളുടെ

വാർഷിക പദ്ധതിയിൽ ഉൾകൊള്ളിക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതുമാണെന്ന് നിർദ്ദേശം നൽകുന്നു.

സി.എസ്.ശ്രീകല
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
പട്ടികജാതി - പട്ടികവർഗ്ഗ - പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
SURESHKUMAR K
Date:Thu Jun 03 12:40:07 IST
2021
Reason: Approved

സെക്ഷൻ ഓഫീസർ.